**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 6569** **21-11-2019 ൽ മറുപടിക്ക്**

**സർക്കാർ വകുപ്പുകളുടെ ഭൂമി സംരക്ഷിക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി ഒരു ഡാറ്റാ ബേങ്ക് രൂപത്തിൽ രേഖപ്പെടുത്തി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 08.05.2019 ലെ സ.ഉ (സാധാ) നം. 1077/2019/റവ നമ്പർ ഉത്തരവിൻ പ്രകാരം സർക്കാർ പുറമ്പോക്ക്, സർക്കാർ തരിശ്, എസ്ചീറ്റഡ് ലാൻഡ്, സർക്കാരിലേക്ക് വിട്ടൊഴിഞ്ഞ ഭൂമി, തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയുടെ വിവരശേഖരണം നടത്തിവരുന്നു. ഇതിനുപുറമേ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിവരശേഖരണം നടത്തുന്നതിന് 29.07.2019 ലെ സ.ഉ (എം.എസ്) 243/19 ആയി ഉത്തരവാകുകയും ആയത് പ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന് ഗവൺമെന്റ് വിട്ടുനൽകിയ ഭൂമിയുടെയും, നിലവിൽ കൈവശമുള്ള ഭൂമിയുടേയും വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും നിശ്ചിത പ്രൊഫോർമ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം ഉള്ള വിവര ശേഖരണം നടത്തിവരുന്നു. |
| (ബി) കൃത്യമായ അളവോ അതിരുകളോ ഇല്ലാതെ പലയിടങ്ങളിലായി കിടക്കുന്ന വിവിധ സർക്കാർ ഓഫീസുകളുടെ ഭൂമി കൈയേറ്റങ്ങൾക്ക് വിധേയമാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് സർക്കാർ ഓഫീസുകളുടെ ഭൂമി സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ? | (സി) വിവിധ സർക്കാർ വകുപ്പുകളുടെ ഭൂമിയിൽ കൈയേറ്റം ശ്രദ്ധയിൽപ്പെടുന്ന പക്ഷം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൈയ്യേറ്റം പൂർണമായും ഒഴിപ്പിച്ച് പരിപാലിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**